# L.F.L.P.S.CHELAKKARA

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

## ഉള്ളടക്കം


ആമുഖം

സ്കൂളിനെക്കുറിച്ചുള്ള പ്രാഥമിക വിവരങ്ങൾ

വിദ്യാലയത്തിന്റെ ലഘു ചരിത്രം (പശ്ചാത്തലം, പിന്നിട്ട നാഴികക്കല്ലുകൾ, കൈവരിച്ച നേട്ടങ്ങൾ, പരിമിതികൾ etc)

നിലവിലുള്ള അവസ്ഥാ വിശകലനം (അക്കാദമിക പരിമിതികൾ, നേട്ടങ്ങൾ)

അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ(2025-2026)

പ്രവർത്തന വിശദാംശങ്ങൾ (മേഖല- ഉപമേഖല- ലക്ഷ്യം, പ്രവർത്തനങ്ങൾ,- കാലം- ചുമതല- സാമ്പത്തിക വിശകലനം)

· പ്രതീക്ഷിത നേട്ടങ്ങൾ (അക്കാദമിക മികവ്)

· മോണിറ്ററിംഗ്

· ഉപസംഹാരം

# വിദ്യാലയ ചരിത്രം

സ്ഥാപിതമായ എൽ.എഫ്.എൽ.പി വിദ്യാലയം വടക്കാഞ്ചേരി ഉപജില്ലയിൽ വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. സാംസ്കാരികമായും സാമൂഹികമായും വൈജ്ഞാനികമായും ചേലക്കര നാടിനെ ഉദ്ധരിക്കുവാൻ വിദ്യാഭ്യാസത്തിലൂടെ മാത്രമെ സാധിക്കുകയുള്ളൂ എന്ന് മനസ്സിലാക്കി കൊണ്ട് ബഹുമാന്യനായ ആന്റണി ചെറുപനവിലച്ചൻ വി. കൊച്ചു ത്രേസ്യായുടെ നാമത്തിൽ 1930-ൽ 1 മുതൽ 5 വരെയുള്ള ഒരു യു.പി വിദ്യാലയം സ്ഥാപിച്ചു.

ഒരു വിദ്യാർത്ഥിയിൽ ഒരു കുടുംബമെന്ന സ്വപ്നം കണ്ട് അതിനെ ഭൗതികജ്ഞാനത്തോടൊപ്പം ദൈവ അറിവ് പകർന്ന് കുട്ടികൾ വഴി കുടുംബങ്ങളിലേക്ക് ഇറങ്ങിചെന്ന് കുടുംബങ്ങളുടെ ഉദ്ധാരണം സാധ്യമാക്കുന്നതിന് വേണ്ടി വിദ്യാലയങ്ങൾ സ്ഥാപിച്ച വിശുദ്ധ മറിയം ത്രേസ്യായുടെ മക്കളായ ഹോളി ഫാമിലി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിലാണ് ഈ വിദ്യാലയം നടത്തപ്പെടുന്നത്. 20 ഡിവിഷനുകളിലായി ആൺകുട്ടികളും പെൺകുട്ടികളും 22 അധ്യാപകരും പ്രധാനധ്യാപികയായ ബഹു. സി. മരിയ തെരേസിന്റെ നേതൃത്വത്തിൽ സസന്തോഷം മുന്നോട്ട് പോകുന്നു.

ഈ വിദ്യാലയത്തിൽ 2023-ൽ 11 വിദ്യാർത്ഥികൾക്കും 2024-ൽ 7 വിദ്യാർത്ഥികൾക്കും എൽ.എസ്.എസ് സ്കോളർഷിപ്പ് ലഭിക്കുകയുണ്ടായി. 2013-14 ൽ ഭാരത് സ്കൗട്ട് & ഗൈഡിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'സാനിറ്റേഷൻ അവാർഡ്' ലഭിക്കുകയും മികച്ച ശുചിത്വ വിദ്യാലയമായി

ഈ വിദ്യാലയത്തെ തിരഞ്ഞെടുക്കുകയും ചെയ്തു.

വടക്കാഞ്ചേരി ഉപജില്ലാ കലോത്സവം, അറബിക് കലോത്സവം, ശാസ്ത്ര ഗണിത സാമൂഹിക പ്രവൃത്തി പരിചയമേളകളിൽ തുടർച്ചയായി അംഗീ-ക്കോറ്റുകൾ ലഭിക്കുകയുണ്ടായി. 2016 - 17 ൽ മലയാളത്തി-ളക്കം പദ്ധതിയിൽ തിരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ ഒന്നായി മാറുവാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞു.

# ആമുഖം

അക്കാദമിക തലത്തിൽ കുട്ടികളുടെ മികവ് ലക്ഷ്യംവച്ചുകൊണ്ട് സ്കൂൾ തലത്തിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ : വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് വിവിധ ക്ലാസ്തലത്തിൽ അവരുടെ നിലവാരത്തിനനുസരിച്ച് പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തിക്കൊണ്ട് അക്കാദമികമികവ് നേടിയെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അവസരതുല്യതയും പങ്കാളിത്തവും നൽകിക്കൊണ്ട് , ജനകീയ സമിതികളുടെയും ധനസ്രോതസ്സുകളുടെയും ലഭ്യത ഉറപ്പുവരുത്തിക്കൊണ്ടുള്ള ഒന്നാണ് ഈ പദ്ധതി. സാധാരണക്കാരുടെ മക്കൾ ആശ്രയിക്കുന്ന ഈ LFLP സ്കൂളിൽ നിന്നും പാഠ്യപാഠ്യേതര മത്സര രംഗങ്ങളിൽ ഉന്നതവിജയം കൊയ്തെടുക്കുന്നത് പതിവാണ്. ഉപജില്ലാതലത്തിൽ ഓവർ ഓൾ ചാമ്പ്യൻഷിപ്പുകൾ നേടിയെടുത്തുകൊണ്ട് വിദ്യാർത്ഥികൾ തങ്ങളുടെ മാറ്റ് ഉരച്ചു. L.S.S. സ്കോളർഷിപ്പിനു ഉന്നത വിജയം കൊയ്തെടുക്കാനും ഈ സ്കൂളിനു സാധിച്ചു.

വായന, ലേഖനം, ഗണിതം, ചതുഷ്ക്രിയകളുടെ പ്രയോഗം എന്നീ മേഖലകളിൽ പ്രാവീണ്യം നേടുക എന്നതാണ് ലക്ഷ്യം എന്നിരിക്കിലും ഇവയിൽ പിന്നോക്കക്കാരായവരെ കണ്ടെത്തി പരിശീലിപ്പിച്ച് മുൻനിരയിൽ എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ പൊതുലക്ഷ്യം.

# അക്കാദമിക മാസ്റ്റർ പ്ലാൻ.

## സ്കൂളിനെക്കുറിച്ചുള്ള പ്രാഥമിക വിവരങ്ങൾ

- വിദ്യാലയത്തിന്റെ പേര് : എൽ.എഫ്.എൽ.പി.എസ്. ചേലക്കര.
- വിദ്യാലയം സ്ഥാപിച്ച വർഷം: 1930
- പ്രധാനാധ്യാപിക : സിസ്റ്റർ ബിസി എ.ഡി.
- അധ്യാപകരുടെ എണ്ണം : 22
- വിദ്യാർത്ഥികളുടെ എണ്ണം :-

  ആൺകുട്ടികൾ - 169
  പെൺകുട്ടികൾ - 432
  ആകെ - 601

- ലൈബ്രറി : 1
- കമ്പ്യൂട്ടർ റൂം : 1
- ടോയ്‌ലറ്റുകൾ : 17
- കിണറുകൾ : 2
- പാചകപ്പുര : 1

# നിലവിലുള്ള അവസ്ഥാ വിശകലനം

അക്കാദമിക മികവിൽ മുൻപന്തിയിൽ നിൽക്കുന്ന വിദ്യാർത്ഥികളാണ് എൽ.എഫ്.എൽ.പി യിലുള്ളത്. എങ്കിലും 20% കുട്ടികൾ താഴ്ന്ന നിലവാരം പുലർത്തുന്നു. അവരെ മുൻനിരയിൽ എത്തിക്കാൻ വേണ്ട പ്രത്യേകപ്രവർത്തനങ്ങൾ വിദ്യാലയത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് മുൻകൈയെടുത്ത് ആവിഷ്കരിച്ച ശ്രദ്ധ, മലയാളത്തിളക്കം ഇവിടെ മികച്ച രീതിയിൽ തന്നെ പരിശീലിപ്പിക്കുന്നു.

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ച | നിലവിലുള്ള സ്കൂൾ മൈതാനം കൂടുതൽ ആകർഷകമാക്കുന്നു. (പവലിയൻ, Jumping Pit എന്നിവയുടെ നിർമ്മാണം.) | ജൂൺ - മാർച്ച് | PTA Management | OSA 50,000 |
| വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം സുഗമമാക്കൽ | സ്കൂൾ ബസ് വാങ്ങിക്കൽ | ജൂൺ - മാർച്ച് | Management | 10 ലക്ഷം |
| വിദ്യാർത്ഥികൾക്ക് കുടിവെള്ള സൗകര്യം ഒരുക്കൽ. | വിദ്യാലയത്തിലെ കുടിവെള്ള സൗകര്യം നവീകരിക്കൽ. ചൂടുവെള്ളം ലഭ്യമാക്കൽ. എല്ലാ നിലകളിലും കുടിവെള്ള സാധ്യത ഒരുക്കൽ. | ജൂൺ - മാർച്ച് | P.T.A. | O.SA 2 ലക്ഷം. |

| മേഖല. | ഉപമേഖല | ലക്ഷ്യം | പ്രവർത്തനം. | കാലയളവ്. | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| പത്രക്വിസ്. | വായന. | പൊതുവിജ്ഞാനം വളർത്തൽ. | ക്ലാസുകളിലേക്ക് എല്ലാ ദിവസവും പത്രം വിതരണം ചെയ്യുന്നു. വായിക്കാൻ അവസരം നൽകുന്നു. | ജൂൺ – മാർച്ച്. | പ്രധാനാധ്യാപിക. ക്ലാസ്ടീച്ചർ | 25,000/- |
| | ലേഖനം. | പൊതുവിജ്ഞാനം വളർത്തൽ. | രണ്ടാഴ്ചയിലൊരിക്കൽ ക്വിസ് സംഘടിപ്പിക്കുന്നു. | ജൂൺ – മാർച്ച് | അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനം ആസ്വാദ്യകരവും രസകരവും ആക്കാൻ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ വിനിയോഗിക്കുന്നു. | ആഴ്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് ഭാഷയിൽ അസംബ്ലി സംഘടിപ്പിക്കുന്നു. | 1 വർഷം | പ്രധാനാധ്യാപിക അധ്യാപിക. | പി.ടി.എ (1 ലക്ഷം) |
| | ഇംഗ്ലീഷ് ഭാഷയിൽ സംവാദം നടത്താൻ അവസരം നൽകുന്നു. | 1 വർഷം | പ്രധാനാധ്യാപിക അധ്യാപിക | പി.ടി.എ. (1 ലക്ഷം) |
| പഠനനിലവാരം വിലയിരുത്താൻ പ്രീ-ടെസ്റ്റ് നടത്തുന്നു. | മുൻവർഷത്തിൽ നേടിയ അറിവുകൾ ഉൾക്കൊള്ളിച്ച് ചോദ്യപേപ്പർ തയ്യാറാക്കി പ്രീടെസ്റ്റ് നടത്തുന്നു. | 1 ദിവസം | പ്രധാനാധ്യാപിക അധ്യാപിക. | |

| മേഖല | ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | വിശകലനം |
|---|---|---|---|---|---|---|
| കായികം | സുംബ | കായിക ക്ഷമത വർധിപ്പി ക്കുന്നതിന്. | അസംബ്ലിയിൽ സുംബ അവതരിപ്പി-ക്കുന്നു. | 1 വർഷം | അധ്യാപിക പ്രധാനാധ്യാപിക | |
| | കരാട്ടെ | കായിക ക്ഷമത വർധിപ്പി ക്കുന്നതിന് | ആഴ്ചയിൽ ഒരു ദിവസം കരാട്ടെ പരിശീലനം നടത്തുന്നു. | 1 വർഷം | കരാട്ടെ പരിശീലകൻ പ്രധാനാധ്യാപിക | |
| | ഡാൻസ് | കുട്ടികളിൽ താളബോധവും കായിക ക്ഷമതയും വർധിപ്പി ക്കുന്നതിന്. | ആഴ്ചയിൽ ഒരു ദിവസം ഡാൻസ് പരിശീലനം നടത്തുന്നു. | 1 വർഷം | പ്രധാനാധ്യാപിക നൃത്തപരിശീലക. | |

| മേഖല | ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| ദിനശേഷി | വായന | മികച്ച വായന | * അക്ഷര കാർഡുകൾ<br>* ചിത്രകഥാ പുസ്തകം | 2025 June-March | അധ്യാപകർ P.T.A | 500 |
| • | ലേഖനം | സ്വരചിഹ്നങ്ങൾ ഹ്രസ്വമാക്കി അക്ഷരത്തെറ്റി. ല്ലാതെ എഴുതാൻ കഴിയണം. | ഓരോ ദിവസവും എടുക്കുന്ന പാഠഭാഗങ്ങൾ നിർദേശങ്ങൾ അനുസരിച്ച് നോട്ട് പുസ്തകത്തിലേക്ക് ഉച്ചത്തിൽ പറഞ്ഞ് പകർത്തി എഴുതുന്നു<br>* പതിപ്പ് നിർമ്മാണം<br>* സംവാദനം | 2025 June-March ദീർഘകാലം | ക്ലാസ് അധ്യാപകർ | |
| | ഭാഷണം | സ്വന്തം ആശയങ്ങൾ തെറ്റു കൂടാതെ ധൈര്യപൂർവ്വം അവതരിപ്പിക്കാൻ ഉള്ള കഴിവ് | * ലഘു സംഭാഷണം<br>* പാവ നാടകം | 2025 June-March | അധ്യാപകർ കുട്ടികൾ | |

| മേഖല | ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- | --- |
| പിന്നോക്കം നിൽക്കുന്ന കുട്ടികൾ | | | Pretest | | ക്ലാസ് ടീച്ചർ | |
| | ശ്രവണം | പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരം ഉയർത്തൽ | ചിത്രകഥ, അക്ഷരപ്പാട്ട് എന്നിവ ICT യുടെ സഹായത്തോടെ അവതരണം | ജൂൺ ഓഗസ്റ്റ് | ക്ലാസ് ടീച്ചർ | 10000/- |
| | വായന | | Reading card - ഉച്ചയിടവേളയിൽ വിദ്യാർത്ഥികൾ മരത്തണലിൽ ഒത്തുചേർന്ന് വായനാകാർഡ് വായന നടത്തുന്നു | ജൂൺ- മാർച്ച് | പ്രധാനാധ്യാപിക & അധ്യാപകർ | |
| | ലേഖനം | | അക്ഷരത്തിളക്കം ഇംഗ്ലീഷ്, മലയാളം വാക്കുകളും അക്ഷരങ്ങളും ഉറപ്പിക്കാനായി എല്ലാ ദിവസവും ക്ലാസെടുക്കുന്നു | ജൂൺ- മാർച്ച് | അധ്യാപകർ | |

| മേഖല | ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഉത്തരവാദി | സാമ്പത്തികം |
|---|---|---|---|---|---|---|
| പിന്നോക്കം നിൽക്കുന്ന കുട്ടികൾ | പഠനം | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരം ഉയർത്തൽ | പാഠഭാഗം ഉച്ചത്തിൽ പറഞ്ഞുകൊണ്ട് നോട്ടുപുസ്തകത്തിൽ പകർത്തിയെഴുതുന്നു | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| | നിർമ്മാണം | | ഗണിത കിറ്റിന്റെ നിർമ്മാണവും ഉപയോഗവും | ആഗസ്റ്റ് - മാർച്ച് | P.T.A രക്ഷിതാക്കൾ അധ്യാപകർ | |
| | അഭിനയം | | നൃത്താവിഷ്കാരം [English] പാഠഭാഗത്തിലെ രംഗങ്ങൾ കുട്ടികൾക്ക് ആസ്വാദ്യകരമാകും വിധം ഒരുക്കുന്നു | നവംബർ - മാർച്ച് | ക്ലാസ് അധ്യാപകർ | |

## പ്രതീക്ഷിത നേട്ടങ്ങൾ

വായനയിലും ശ്രവണത്തിലും ചർച്ചകളിലും അവഗാഹം നേടുന്നു. പഠിതാക്കളെ മുൻനിരയിലെത്തിക്കാൻ പ്രാപ്തമായ പ്രവർത്തനങ്ങളിലൂടെ ഉല്ലാസവും മികച്ച അക്കാദമിക നിലവാരം കൈവരിക്കുക.

മോണിറ്ററിങ്

പ്രധാനാധ്യാപിക / അധ്യാപിക

## ഉപസംഹാരം

അക്കാദമിക മേഖലയിൽ പിന്നോക്കക്കാരെ കണ്ടെത്തി മുന്നിരയിലെത്തിക്കുക എന്ന ഉദ്ദേശത്തോടെ ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഇതുവഴി പിന്നോക്കക്കാർക്കുപോലും തനിക്കെന്തെങ്കിലുമൊക്കെ ചെയ്യാനാവും എന്ന നില കൈവരിക്കുവാനും എല്ലാ കുട്ടികളും മെച്ചപ്പെട്ട നില കൈവരിക്കൽ ലക്ഷ്യം ചെയ്യുന്നു. ഇതിൽ എല്ലാ അധ്യാപകരും കുട്ടികളും പങ്കാളികളാവുന്നു. ശരിയായ രീതിയിൽ മോണിറ്ററിംഗ് നടത്തി പോരായ്മകൾ പരിഹരിച്ച് പദ്ധതിയുടെ വിജയം പൂർണമായി നേടിയെടുക്കുന്നു. ഇതിനായി ഏവരും കൃത്യമായ ഉത്തരവാദിത്വം പരിപൂർണമായി നിറവേറ്റുന്നു.